ക്കപ്പെടുകയും ചെയ്തിരുന്നു. വീണ്ടും ഈശോസഭക്കാർ തമിഴ്നാട്ടിൽ വന്നപ്പോൾ ''സുറിയാനിക്കാരായ കത്തനാരന്മാർ'' അവിടെ സേവനമനുഷ്ഠിച്ചിരുന്നതായി പല മിഷനറിമാരുടെ എഴുത്തുകളും വ്യക്തമാക്കുന്നുണ്ട്.

1830-നും 42-നും ഇടയ്ക്കു കുറേക്കാലത്തേക്കു കുര്യാക്കോസച്ചൻ ''വ്രതക്കൊന്തി'' എന്ന സ്ഥലം കേന്ദ്രമാക്കി നാല്പതിലധികം മിഷൻപള്ളികളുടെ ചുമതല നിർവഹിച്ചുകൊണ്ടു സേവനമനുഷ്ഠിച്ചിരുന്നതായി രേഖകളുണ്ട്. അദ്ദേഹത്തിൻെറ സേവനാധികാരത്തിൽ പതിനായിരത്തിലധികം കത്തോലിക്കരുണ്ടായിരുന്നത്രെ. എന്നാണ് അദ്ദേഹം സ്വന്തരൂപതയിലേക്കു തിരികെ വിളിക്കപ്പെട്ടതെന്നു അറിവില്ല. രോഗശയ്യയിലായിരുന്ന അദ്ദേഹത്തിൻെറ പിതാവും മൂത്തസഹോദരനും 1849 ഫെബ്രുവരി 26-ാംനു- നിര്യാതരാകുമ്പോൾ അദ്ദേഹം അവരുടെ മരണശയ്യകൾക്കു സമീപം ഉണ്ടായിരുന്നു. ഒരേ ദിവസംതന്നെ തൻെറ പിതാവും സഹോദരനും അന്ത്യയാത്ര പറഞ്ഞതു് അദ്ദേഹത്തെ ദുഃഖാബ്ധിയിൽ ആഴ്ത്തിയിരിക്കണം. രണ്ടുപേരുടെയും മൃതസംസ്കാര ചടങ്ങുകൾ നിർവഹിക്കപ്പെട്ടതും ഇദ്ദേഹത്തിൻെറ കാർമ്മികത്വത്തിലായിരുന്നു. കുടുംബ ചരിത്രത്തിൽ ഇവയെല്ലാം വ്യക്തമായി പറയുന്നുണ്ട്.

''ആ ബഹുമാനപ്പെട്ട പിതാവു വളരെഅറിവുള്ളവനും പുണ്യജീവിതക്കാരനും പാണ്ടി മുതലായ സ്ഥലങ്ങളിൽ പോയി വികാരിയത്വം ഭരിച്ചിട്ടുള്ളവനുമായിരുന്നു'' എന്നാണു കുടുംബചരിത്രം രേഖപ്പെടുത്തുന്ന ഒരു പ്രധാന വാചകം. ഏഴു വർഷക്കാലം അദ്ദേഹം തമിഴ നാട്ടിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആരോഗ്യത്തോടും സംതൃപ്തിയോടും കൂടിയിരുന്ന 1870 ജൂലായ് 12-ാംനു- അദ്ദേഹം കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. ''ഇനി ഈ കുടുംബങ്ങളിൽ ഒരു പട്ടക്കാരനുണ്ടാകുവാൻ സംഗതിയായെങ്കിൽ ടി ബ. പിതാവിൻെറ അനന്തിരവൻ എന്നു പേരു വിളിക്കട്ടെ. ഇദ്ദേഹത്തെപ്പോലെ പുണ്യമുള്ള ഒരാളായിത്തീരുന്നതിനു ദൈവം കടാക്ഷിക്കുമാറാകട്ടെ'' എന്ന ആശംസയോടെയാണു കുടുംബചരിത്രകാരൻ കുര്യാക്കോസച്ചനെ സംബന്ധിച്ച ഭാഗം അവസാനിപ്പിക്കുന്നതു്.

രൂപതാ വൈദികനും ഒപ്പം മിഷനറിയും ആയിരുന്ന കുര്യാക്കോസച്ചൻ എന്നും നമ്മുടെ സ്മരണയെ അർഹിക്കുന്ന വ്യക്തിയാണ്. പിന്നിട്ട നൂറുവർഷങ്ങളിൽ അദ്ദേഹത്തിൻെറ സ്മരണ ആദരപൂർവം ആചരിക്കുന്നതിനു കുടുംബക്കാരും ഇടവകക്കാരും ശ്രദ്ധപതിച്ചതു അതിനു തെളിവാണ്. കർത്താവിൻെറ മുന്തിരിത്തോപ്പിൽ അവിശ്രമം ജോലിചെയ്ത ആ പ്രേഷിതന് അദ്ദേഹത്തിൻെറ ചരമത്തിൻെറ ശതവർഷത്തിൽ പ്രത്യേകമായി അനുസ്മരണയുടെ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു ക്രിസ്തുനാഥൻെറ അഭിഷിക്ത പൗരോഹിത്യത്തെ കൂടുതൽ മഹത്വപ്പെടുത്തുക ഉചിതമായിരുന്നതിനാൽ കഴിഞ്ഞ ജൂലൈ 12-ാംനു- അഭിവന്ദ്യ ജൂബിലേറിയൻ തിരുമേനി അരീക്കര പള്ളിയിലെത്തി പരേതനുവേണ്ടി അർപ്പിച്ച സമൂഹബലി മദ്ധ്യേ പ്രസംഗിക്കുകയും ദിവ്യപൂജയ്ക്കു ശേഷം ഒപ്പീസ് നടത്തുകയും ചെയ്തു.

TEXTILE SELECTION RESULT

P ublic
A lways
R ecommend
T extiles
H and-Looms
A pparels
S ilks

PARTHAS